**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** **09-08-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണ വിഭാഗത്തിൽ നാളിതുവരെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സിസ്റ്റം ഇമ്പ്രൂവ്മെന്റ്, വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് എന്നിവയ്ക്കായി, ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 35.335 കി.മി HT OH ലൈനുകളും, 17.19 കി.മി Single Phase LT OH ലൈനുകളും, 44 ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിക്കുന്നതിനും, 15.3 കി.മി LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്നതിനും 146.65 കി.മി LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങിനും കൂടാതെ 11 കെ.വി ലൈനുകളിൽ എ.ബി. സ്വിച്ചുകളും എർത്തിങ്ങും സ്ഥാപിക്കുന്നതിനുമായി 1194.87 ലക്ഷം രൂപ വകയിരുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ പ്രസരണ വിഭാഗത്തിൽ പിണ്ണാക്കനാട് 33 കെ.വി സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായതാണ്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഉൽപ്പാദന (സിവിൽ) വിഭാഗത്തിൽ പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 70.18 കോടി രൂപയുടെ ഭരണാനുമതി ബോർഡ് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി 6 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സൗര ഒന്നാംഘട്ട പദ്ധതി മുഖാന്തിരം 5 സൗരനിലയങ്ങളും (85 KWp) രണ്ടാംഘട്ട സബ്സിഡി പദ്ധതി മുഖാന്തിരം 120 നിലയങ്ങളും (423.84 KWp) നിലവിൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി 6 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച പദ്ധതിയ്ക്കായി തുക അനുവദിച്ചിട്ടില്ല. പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.<br><br>സൗര ഒന്നാം ഘട്ട പദ്ധതിയിലെ അഞ്ച് നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ മുതൽ മുടക്കിലുള്ളതാണ്. രണ്ടാം ഘട്ട സബ്സിഡി പദ്ധതികൾ നടപ്പിലാക്കിയത് കേന്ദ്ര സബ്സിഡിയും ഉപഭോക്താവിന്റെ മുതൽമുടക്കിലും ആണ്. ഒരു കിലോ വാട്ട് മുതൽ മൂന്ന് കിലോ വാട്ട് വരെ 40% വും മൂന്നു കിലോ വാട്ടിനു മുകളിൽ ഓരോ കിലോവാട്ടിലും 20% എന്ന നിലയിലാണ് MNRE സബ്സിഡി നൽകുന്നത്. പൂഞ്ഞാർ മണ്ഡലത്തിൽ അനെർട്ടിന്റെ സൗര തേജസ് പദ്ധതി വഴി സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നിലവിൽ 7 അപേക്ഷകൾ ( 22 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്.<br><br>അനുകൂലമായ ഫീസിബിലിറ്റി ഉള്ള സ്ഥലങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സബ്സിഡിയോടെ സ്ഥാപിച്ചു നല്കാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതിയുടെ സബ്സിഡി കേന്ദ്ര സർക്കാരിൽ (MNRE) നിന്നും ലഭ്യമാണ്. ഇതിനായി പ്രത്യക തുക വകയിരുത്തേണ്ടതില്ല . |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണ വിഭാഗത്തിൽ നാളിതുവരെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സിസ്റ്റം ഇമ്പ്രൂവ്മെന്റ്, വോൾട്ടേജ് ഇമ്പ്രൂവ്മെന്റ് എന്നിവയ്ക്കായി, ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 35.335 കി.മി HT OH ലൈനുകളും, 17.19 കി.മി Single Phase LT OH ലൈനുകളും, 44 ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിക്കുന്നതിനും, 15.3 കി.മി LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്നതിനും 146.65 കി.മി LT ലൈനുകളുടെ റീ-കണ്ടക്റ്ററിങ്ങിനും കൂടാതെ 11 കെ.വി ലൈനുകളിൽ എ.ബി. സ്വിച്ചുകളും എർത്തിങ്ങും |

സ്ഥാപിക്കുന്നതിനുമായി 1194.87 ലക്ഷം രൂപ വകയിരുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ പ്രസരണ വിഭാഗത്തിൽ പിണ്ണാക്കനാട് 33 കെ.വി സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായതാണ്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഉൽപ്പാദന (സിവിൽ) വിഭാഗത്തിൽ പൂഞ്ഞാർ മണ്ഡലത്തിൽ 7 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

മാർമല ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 70.18 കോടി രൂപയുടെള്ള ഭരണാനുമതി ബോർഡ് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി 6 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സൗര ഒന്നാംഘട്ട പദ്ധതി മുഖാന്തിരം 5 സൗരനിലയങ്ങളും (85 KWp) രണ്ടാംഘട്ട സബ്സിഡി പദ്ധതി മുഖാന്തിരം 120 നിലയങ്ങളും (423.84 KWp) നിലവിൽ സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി 6 പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച പദ്ധതിയ്ക്കായി തുക അനുവദിച്ചിട്ടില്ല. പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

സൗര ഒന്നാം ഘട്ട പദ്ധതിയിലെ അഞ്ച് നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ മുതൽ മുടക്കിലുള്ളതാണ്. രണ്ടാം ഘട്ട സബ്സിഡി പദ്ധതികൾ നടപ്പിലാക്കിയത് കേന്ദ്ര സബ്സിഡിയും ഉപഭോക്താവിന്റെ മുതൽമുടക്കിലും ആണ്. ഒരു കിലോ വാട്ട് മുതൽ മൂന്ന് കിലോ വാട്ട് വരെ 40% വും മൂന്നു കിലോ വാട്ടിനു മുകളിൽ ഓരോ കിലോവാട്ടിലും 20% എന്ന നിലയിലാണ് MNRE സബ്സിഡി നൽകുന്നത്. പൂഞ്ഞാർ മണ്ഡലത്തിൽ അനെർട്ടിന്റെ

| | | | |
|---|---|---|---|
| | | | സൗര തേജസ് പദ്ധതി വഴി സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നിലവിൽ 7 അപേക്ഷകൾ ( 22 കിലോവാട്ട്) ലഭിച്ചിട്ടുണ്ട്.<br><br>അനുകൂലമായ ഫീസിബിലിറ്റി ഉള്ള സ്ഥലങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ സബ്സിഡിയോടെ സ്ഥാപിച്ചു നല്കാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതിയുടെ സബ്സിഡി കേന്ദ്ര സർക്കാരിൽ (MNRE) നിന്നും ലഭ്യമാണ്. ഇതിനായി പ്രത്യക തുക വകയിരുത്തേണ്ടതില്ല . |

സെക്ഷൻ ഓഫീസർ